# NATIONAL BULLETIN

DATE: 01-07-2026 TIME : 12.50 PM

## പ്രധാന വാർത്തകൾ

1.) വികസിത രാഷ്ട്രം എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിൽ, യുവജനങ്ങളുടെ പ്രതിബദ്ധത ഏറെ പ്രധാനമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

**President Droupadi Murmu said that the commitment of young people is crucial to realizing the dream of a developed nation.**

2) വിബി- ജി റാം ജി തൊഴിലുറപ്പ് നിയമം രാജ്യത്ത് ഇന്ന് മുതൽ പ്രാബല്യത്തിൽ. കേരളത്തിൽ പ്രതിദിന വേതനം 401 രൂപയായി ഉയർന്നു.

**The V.B.-G. Ram G. Employment Guarantee Act came into effect across the country today. In Kerala, the daily wage has been increased to ₹401.**

3) സംസ്ഥാന ബജറ്റിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് വെട്ടിക്കുറച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്കൗട്ട്.

**The Opposition staged a walkout in the Kerala Assembly, protesting the reduction in the plan fund allocation for local self-government institutions in the state budget.**

4) വാണിജ്യ പാചകവാതക സിലിണ്ടർ വിലയിൽ 183 രൂപ 50 പൈസയുടെ കുറവ് വരുത്തി എണ്ണ കമ്പനികൾ. പാസ്പോർട്ട് അപേക്ഷാ ഫീസ് വർദ്ധന രാജ്യത്ത് ഇന്ന് മുതൽ പ്രാബല്യത്തിൽ വന്നു.

**Oil distribution companies have reduced the price of commercial LPG cylinders by ₹183.50. The revised passport application fee also came into effect across the country today.**

5) ദേശീയ ഡോക്ടേഴ്സ് ദിനത്തിൽ ആശംസകൾ നേർന്ന് ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും ഉൾപ്പെടെ പ്രമുഖർ.

**The Vice President, the Prime Minister, and other dignitaries extended their greetings on National Doctors' Day.**

6) ഫിഫ ലോകകപ്പ് ഫുട്ബോളിൽ, ഇക്വഡോറിനെ പരാജയപ്പെടുത്തി മെക്സിക്കോ പ്രീക്വാർട്ടറിൽ.

**In the FIFA World Cup, Mexico advanced to the pre-quarterfinals after defeating Ecuador.**

&&&&&&&&&&&&&&&&&

**HEADLINE-1**

**PRESIDENT CONVOCATION - AP (INTRO)**

*സാങ്കേതിക വിദ്യ എല്ലാ മേഖലയേയും മാറ്റിമറിക്കുന്നതായും, പുതിയ സാങ്കേതിക വിദ്യകൾ പഠിക്കാൻ വിദ്യാർത്ഥികൾ സജ്ജരായിരിക്കണമെന്നും രാഷ്ട്രപതി ദ്രൗപദി മുർമു. 'സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് ആന്ധ്രാപ്രദേശിന്റെ' ആദ്യ ബിരുദദാന ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു രാഷ്ട്രപതി. രാജ്യത്തെ യുവാക്കളുടെ ഊർജം, കഴിവ്, പ്രതിബദ്ധത എന്നിവയിലൂടെ മാത്രമേ വികസിത രാഷ്ട്രം എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ സാധിതക്കുകയുള്ളൂ എന്നും രാഷ്ട്രപതി പറഞ്ഞു.*

*(വോയ്സ്-രാഷ്ട്രപതി)*

*ഉന്നത വിജയം കൈവരിച്ച വിദ്യാർത്ഥികൾക്കുള്ള മെഡലുകളും രാഷ്ട്രപതി ചടങ്ങിൽ വിതരണം ചെയ്തു.*

&&&&&&&&&&&&&&&&&&&

**HEADLINE-2**

**VB G RAM G – IMPLEMENT**

ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് തൊഴിലും ഉപജീവനവും ഉറപ്പാക്കുന്ന വിബി- ജി റാം ജി നിയമം രാജ്യത്ത് ഇന്ന് മുതൽ പ്രാബല്യത്തിൽ. ഗ്രാമീണ കുടുംബങ്ങൾക്ക് അർഹതപ്പെട്ട തൊഴിൽ ദിനങ്ങൾ, 100 ൽ നിന്നും 125 ആയി ഇതോടെ ഉയരും. പദ്ധതിക്കായി, ഈ സാമ്പത്തിക വർഷത്തിൽ 95,692 കോടി രൂപ കേന്ദ്ര സർക്കാർ വകയിരുത്തിയിട്ടുണ്ട്. ഗ്രാമീണമേഖലയെ ശാക്തീകരിക്കുകയാണ് നിയമത്തിലൂടെ ലക്ഷ്യമിടുന്നതെന്ന് ഗ്രാമവികസന മന്ത്രാലയം അറിയിച്ചു. ഇരുപത് വർഷം പഴക്കമുള്ള മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന് പകരമാണ് VB-G RAM G നിയമം കൊണ്ടുവന്നത്. വിബി- ജി റാം ജി നിയമ പ്രകാരം തൊഴിലാളികളുടെ പുതുക്കിയ വേതന നിരക്കുകളും ഇന്ന് മുതൽ പ്രാബല്യത്തിൽ വന്നു. MGNREGA പ്രകാരം 298.8 രൂപയായിരുന്ന, ശരാശരി പ്രതിദിന വേതനം, വിബി-ജി റാം ജി പ്രകാരം 327.4 രൂപയായി ഉയർന്നിട്ടുണ്ട്. ഇതോടെ കേരളത്തിലെ പ്രതിദിന തൊഴിലുറപ്പ് വേതനം 401 രൂപയായി ഉയർന്നു.

&&&&&&&&&&&&&&&&&&&

**HEADLINE-3**

**ASSEBLY (INTRO)**

***2026-27 ലെ സംസ്ഥാന ബജറ്റിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് വെട്ടിക്കുറച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്കൗട്ട്. പ്രതിപക്ഷത്ത് നിന്ന് ജി ആർ അനിലാണ് അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയത്.***

***വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.....***

***(വോയിസ്)***

&&&&&&&&&&&&&&&&&&

**HEADLINE-4**

**LPG cylinder**

രാജ്യത്ത് വാണിജ്യ പാചകവാതക സിലിണ്ടർ വിലയിൽ കുറവ് വരുത്തി എണ്ണ കമ്പനികൾ. 19 കിലോഗ്രാം വാണിജ്യ എൽ പി ജി സിലണ്ടർ വിലയിൽ 183 രൂപ 50 പൈസയുടെ കുറവാണ് വന്നത്. പുതുക്കിയ വില ഇന്ന് മുതൽ പ്രാബല്യത്തിൽ വന്നു. ഡൽഹിയിൽ 2,930 രൂപയാണ് വാണിജ്യ സിലണ്ടറിന്റെ പുതിയ വില. റസ്റ്ററൻറുകൾ, ഹോട്ടലുകൾ എന്നിവയ്ക്ക് വിലക്കുറവ് ആശ്വാസമേകും.

&&&&&&&&&&&&&&&&&&

**PASSPORT FEE**

പാസ്പോർട്ട് അപേക്ഷാ ഫീസ് വർദ്ധന രാജ്യത്ത് ഇന്ന് മുതൽ പ്രാബല്യത്തിൽ . പുതുക്കിയ ഫീസ് ഘടന പ്രകാരം, 36 പേജുള്ള, സാധാരണ പാസ്പോർട്ടിനായുള്ള അപേക്ഷാ ഫീസ് 2,500 രൂപയായി ഉയർത്തി. 36 പേജ് തത്കാൽ പാസ്സ്പോർട്ടിന് 5,000 രൂപയാണ് അപേക്ഷ ഫീസ്. 60 പേജുള്ള സാധാരണ പാസ്പോർട്ടിന് 3,500 രൂപയും, തത്കാൽ പാസ്സ്പോർട്ടിന് 6,000 രൂപയുമാണ് അപേക്ഷ ഫീസ്. നഷ്ടപ്പെട്ടതോ, കേടായതോ ആയ 36 പേജ് പാസ്സ്പോർട്ട് പുതുക്കുന്നതിന് 5,000 രൂപയും, 60 പേജ് പാസ്സ്പോർട്ടിന് 6,000 രൂപയുമാണ് പുതുക്കിയ അപേക്ഷ ഫീസ്.

&&&&&&&&&&&&&&&&&&

**CENSUS**

സെൻസസിന്റെ ഭാഗമായി വീടുകളിൽ എത്തിയുള്ള വിവര ശേഖരണത്തിന് ഇന്ന് തുടക്കം. ഈ മാസം 30 വരെയാണ് സെൻസസി ന്റെ ആദ്യ ഘട്ട പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടക്കുക. വീടുകളുടെ സെൻസസും, പട്ടിക തയ്യാറാക്കലും ഈ ഘട്ടത്തിൽ നടക്കും. സെൽഫ് എന്യൂമറേഷൻ പൂർത്തിയാക്കിയവർ, ഇത് പ്രകാരം ലഭിച്ച എസ് ഇ ഐഡി, സെൻസസ് എന്യൂമറേറ്റർ വീടു സന്ദർശിക്കുമ്പോൾ കൈമാറേണ്ടതാണ്. രണ്ടാം ഘട്ടമായ ജനസംഖ്യ കണക്കെടുപ്പ് 2027 ഫെബ്രുവരിയിലാണ് സംസ്ഥാനത്ത് നടക്കുക.

&&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്......

(ബ്രേക്ക്)

&&&&&&&&&&&&&&&&&&

**PM-DIGITAL INDIA**

കേന്ദ്ര സർക്കാരിൻറെ സുപ്രധാന സംരംഭമായ ഡിജിറ്റൽ ഇന്ത്യ 11 വർഷം പൂർത്തിയാക്കി. ഡിജിറ്റൽ ഇന്ത്യ സംരംഭം ജന ജീവിതത്തിന്റെ എല്ലാ മേഖലകളെയും സ്പർശിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. സുഗമമായ ഡിജിറ്റൽ പേയ്മെന്റുകളിലൂടെ, ആനുകൂല്യങ്ങൾ നേരിട്ട് ഗുണഭോക്താക്കളിലേക്ക് എത്തിക്കാൻ സാധിച്ചതായും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&

**HEADLINE-5**

**DOCTORS DAY**

ദേശീയ ഡോക്ടേഴ്സ് ദിനത്തിൽ ആശംസകൾ നേർന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര ആരോഗ്യ മന്ത്രി ജെ പി നഡ്ഡ തുടങ്ങിയ പ്രമുഖർ. മനുഷ്യരാശിയെ സേവിക്കുന്നതിൽ ഡോക്ടർമാർ പുലർത്തുന്ന സമർപ്പണ മനോഭാവത്തെയും, പ്രതിബദ്ധതയേയും ഉപരാഷ്ട്രപതി പ്രശംസിച്ചു. ഡോക്ടർമാരുടെ കഠിനാധ്വാനവും കാരുണ്യവുമാണ് ആരോഗ്യ പരിപാലന വ്യവസ്ഥയുടെ നട്ടെല്ലെന്ന് പ്രധാനമന്ത്രി ആശംസ സന്ദേശത്തിൽ കുറിച്ചു. രാജ്യത്തെ ആരോഗ്യ പരിചരണ സംവിധാനത്തിന്റെ സുപ്രധാന ഘടകമായ ഡോക്ടർമാർ, രോഗീപരിചരണത്തിൽ ഉന്നത നിലവാരം ഉറപ്പാക്കുന്നതായി ആരോഗ്യ മന്ത്രി ജെ പി നഡ്ഡ പറഞ്ഞു.

&&&&&&&&&&&&&&&&&&

**COAS- DHIRAJ SETH (INTRO)**

***മാറിക്കൊണ്ടിരിക്കുന്ന സുരക്ഷാ വെല്ലുവിളികൾ നേരിടാൻ സൈന്യത്തിന്റെ ആധുനികവൽക്കരണം വേഗത്തിലാക്കേണ്ടതുണ്ടെന്ന് കരസേനാ മേധാവി ജനറൽ ധീരജ് സേഠ്. വിവിധ മേഖലകളിൽ ഒരേസമയം പ്രവർത്തിക്കാൻ ശേഷിയുള്ള സേനയെ വാർത്തെടുക്കുകയാണ് ലക്ഷ്യമെന്നും ചുമതലയേറ്റ ശേഷം മാധ്യമങ്ങളെ അഭിസംബോധന ചെയ്യുകൊണ്ട് ജനറൽ സേഠ് വ്യക്തമാക്കി.***

*(ഹോൾഡ് വോയ്സ്....*

&&&&&&&&&&&&&&&&&&

**HEADLINE-6**

**FIFA**

ഫിഫ ലോകകപ്പ് ഫുട്ബോളിൽ, ഇക്വഡോറിനെ പരാജയപ്പെടുത്തി മെക്സിക്കോ പ്രീക്വാർട്ടറിൽ. ആസ്റ്റക്ക സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ, എതിരില്ലാത്ത രണ്ട് ഗോളുകൾക്കായിരുന്നു ആതിഥേയരായ മെക്സിക്കോയുടെ വിജയം. സ്വീഡനെതിരായ നോക്ക് ഔട്ടിൽ ഫ്രാൻസ് എതിരില്ലാത്ത മൂന്ന് ഗോളുകൾക്ക് ജയം നേടി പ്രീക്വാർട്ടറിൽ കടന്നു. ഇന്ന് രാത്രി 09:30-നാണ് ഇംഗ്ലണ്ട് - കോംഗോ മത്സരം. ബെൽജിയം-സെനഗൽ

നോക്ക് ഔട്ട് രാത്രി 1.30 നും, യുഎസ്എ- ബോസ്നിയ മത്സരം നാളെ പുലർച്ചെ 5.30 നും നടക്കും.

&&&&&&&&&&&&&&&&&&

**T20 CRICKET - IND VS ENG**

അഞ്ച് മത്സരങ്ങളടങ്ങിയ പുരുഷ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യ ഇന്ന് ഇംഗ്ലണ്ടിനെ നേരിടും. ഇന്ത്യൻ സമയം രാത്രി 10 മണിക്ക് മത്സരം ആരംഭിക്കും. ശ്രേയസ് അയ്യറാണ് ഇന്ത്യൻ ടീമിനെ നയിക്കുന്നത്.

&&&&&&&&&&&&&&&&&&

**RAIN KERALAM**

സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ മഴ കനക്കും. കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. കേരളം-ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെയും, കർണാടക തീരത്ത് ശനിയാഴ്ച വരെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി

&&&&&&&&&&&&&&&&&&

**UPI- JUNE**

യു പി ഐ സംവിധാനത്തിലൂടെയുള്ള പണമിടപാടുകളുടെ എണ്ണം 23 ശതമാനമായി ഉയർന്നു. National Payments Corporation of India പുറത്ത് വിട്ട വാർഷിക കണക്കുകൾ പ്രകാരം 22 ബില്യണിൽ അധികമാണ് ഇന്ത്യയിലെ യു പി ഐ ഇടപാടുകൾ. ജൂൺ മാസത്തിൽ യുപിഐ വഴി പ്രതിദിനം ശരാശരി 75.7 കോടി ഇടപാടുകളാണ് നടന്നത്. എട്ടിലേറെ രാജ്യങ്ങളിലും യുപിഐ സംവിധാനം പ്രാബല്യത്തിലുണ്ട്.

&&&&&&&&&&&&&&&&&&

**VIJAYA MEHTA PASSED AWAY**

മറാത്തി ചലച്ചിത്ര-നാടക പ്രവർത്തക വിജയ മേത്ത മുംബൈയിൽ അന്തരിച്ചു. 92 വയസായിരുന്നു. സംഗീത നാടക അക്കാദമി അവാർഡും, മികച്ച സഹനടിക്കുള്ള ദേശീയ ചലച്ചിത്ര അവാർഡും ഉൾപ്പെടെ ലഭിച്ചിട്ടുണ്ട്. വിജയ മേത്തയുടെ നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെയുള്ള പ്രമുഖർ അനുശോചിച്ചു .

&&&&&&&&&&&&&&&&&

**PM-IRAN PRESIDENT**

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇറാൻ പ്രസിഡന്റ് മസൂദ് പെഷസ്കിയാനുമായി ഇന്നലെ ടെലിഫോൺ സംഭാഷണം നടത്തി. പശ്ചിമേഷ്യൻ സമാധാന ധാരണയെ സ്വാഗതം ചെയ്ത പ്രധാനമന്ത്രി, അഭിപ്രായ വ്യത്യാസങ്ങൾ നയതന്ത്ര മാർഗ്ഗങ്ങളിലൂടെ പരിഹരിക്കണമെന്ന നിലപാടാണ് ഇന്ത്യയ്ക്കുള്ളതെന്നും വ്യക്തമാക്കി. വാണിജ്യ ഗതാഗതം സുഗമമാക്കുന്നതിൽ മേഖലയിലെ സുസ്ഥിര സമാധാനം പ്രധാനമാണെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&

**JAPAN - PM VISIT**

ജപ്പാൻ പ്രധാനമന്ത്രി സനെ തകായ്ച്ചി മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ന്യൂഡൽഹിയിലെത്തും. നാളെ നടക്കുന്ന പതിനാറാമത് ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിയിൽ അദ്ദേഹം പങ്കെടുക്കും.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&